
PRASADHANA PUBLICATIONS
പ്രസാധന പബ്ലിക്കേഷൻസ്　സെപ്റ്റംബർ-ഒക്ടോബർ 2011　പുസ്തകം 3 ലക്കം 5　വില 20/-

അഴിമതിക്കെതിരെ



# സാഹിത്യ വിമർശം




'ഭൂമിയുടെ ചരമത്തെ ദീർഘദൃഷ്ടിയോടെ കണ്ടറിഞ്ഞ മഹാപ്രതിഭയ്ക്ക് ജ്ഞാനപീഠം' എന്നു പത്രത്താളുകളിൽ കണ്ടപ്പോൾ കവി ഒഎൻവി ചൂളിപ്പോയിരിക്കണം.

ചുണ്ടയിൽ പ്രഭാകരൻ

വി.എസ്.അച്യുതാനന്ദൻ കേരളരാഷ്ട്രീയത്തിലെ ഒരു എക്സ്ട്രാനടൻ മാത്രം.

അജാതശത്രു

ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും മഹാക്ഷേത്രത്തിൽനിന്നും പുറത്തായ സ്ത്രീയെ തിരിച്ചുവിളിച്ച് അരങ്ങേറ്റുകയാണ് ആനന്ദിന്റെ 'ദ്വീപുകളും തീരങ്ങളും.'

അജയ് പി മങ്ങാട്ട്

തിരുവോണാശംസകൾ!

# ഉറക്കംകെടുത്തുന്ന രാക്കോളുകൾ

## സി.എ.അനസ്

എഴുത്തും വായനയും തമ്മിലുള്ള പാരസ്പര്യം ഊട്ടിയുറപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ സാഹിതീയപ്രവർത്തനം ഇന്ന് മലയാളഭാഷ ആവശ്യപ്പെടുന്നുണ്ട്. 'മലയാളം മാത്രമേ തനിക്കറിയൂ. അതുപയോഗിച്ച് യുറോപ്പിലടക്കം യാത്രചെയ്യുകയും കാര്യങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അതിൽ അഭിമാനവുമുണ്ട്' എന്ന് പരസ്യമായി പറയുന്ന പ്രശസ്തനായ ഒരാളിനെമാത്രമേ കാണാനായിട്ടുള്ളു. അത് കലാഭവൻ മണിയാണ്. കബീറിന്റെ 'പക്ഷിസങ്കേത'ത്തിലെ കഥകൾ പരുങ്ങി നിൽക്കുന്ന വായനയെ ഉത്സുകമാക്കുന്ന സക്രിയപ്രവർത്തനംതന്നെയാണ് എന്നതുകൊണ്ടാണ് ഇങ്ങനെയൊരു തുടക്കക്കുറിപ്പ്.




എന്തൊക്കെയാണ് ഈ സമാഹാരത്തിലെ പെരുകുന്ന അസ്വസ്ഥതകൾ? ദേശസ്മൃതികൾ, വിഷാദവേദനകൾ,രാഷ്ട്രീയജാഗ്രത,വിപ്ലവോന്മുഖത,നൈതികത,സൂക്ഷ്മമായ കാമഭൂപടം തുടങ്ങിയുള്ള വിചാര-വികാരസ്ഥലികളെ പ്രശ്നവൽക്കരിക്കുകയും അനുഭവതീവ്രമാക്കുകയും ചെയ്യുന്നു'പക്ഷിസങ്കേതം'.

രാഷ്ട്രാധികാരം അതിന്റെ പ്രതിയോഗികളെ സ്വയം സൃഷ്ടിച്ചുകൊണ്ടാണ് വ്യവസ്ഥയുടെ വാഴ്ച നിലനിറുത്തുന്നത്. വ്യവസ്ഥാപുനരുൽപ്പാദനത്തിനുവേണ്ടി ഭരണകൂടം ഇരകളെ എല്ലാ കാലത്തും തേടിക്കണ്ടെത്തുന്നു,വ്യാഖ്യാനിക്കുന്നു. ഉദാഹരണത്തിന്,താടി എന്ന ചിഹ്നത്തിന്റെ മൂന്നു ഘട്ടവിചാരങ്ങൾ എം.എൻ.വിജയൻമാഷിനെ ഉപദർശിച്ചുകൊണ്ട് വിവരിക്കാവുന്നതാണ്. ആദ്യങ്ങളിൽ സാത്വികനായ മുനിവര്യന്റെ മാതൃകയായി കണ്ട് താടിയെ ബഹുമാനിക്കുന്നു,പിന്നീട് തീവ്രവിപ്ലവകാരിയായ നക്സലൈറ്റിന്റെ മുദ്രയായി കണ്ട് അകറ്റുന്നു. ഇപ്പോൾ ഭീകരവാദിയായ മുസ്ലീമിന്റെ അടയാളമായി ചൂണ്ടി ഭയപ്പെടുന്നു. ഭരണകൂടത്തിന്റെ സംശയനിദാനശാസ്ത്രത്തിൽ മുസാഫിറുമാർ എന്നും പരാജയപ്പെടുകയാണ് (തീവ്രകാലം). "ആ ശബ്ദത്തിൽ എനിക്കെന്റെ ഉപ്പയെ ചുവച്ചു"എന്നു പറയുമ്പോൾ ഭരണകൂടത്താൽ മുറിച്ചുമാറ്റപ്പെടുന്നതിന്റെ വേദന കിനിയുന്നു. "സ്റ്റേഷനിലാകെ കനത്ത അച്ചടക്കം സല്യൂട്ട് വച്ച് നിന്നിരുന്നു"എന്ന ബിംബകല്പന അധികാരക്രമം സൃഷ്ടിക്കുന്ന'അച്ചടക്കം'എന്ന മരവിപ്പിനെ ലക്ഷ്യം വയ്ക്കുന്നു. "മറ്റവന്റെ കൂട്ടുകാരനായ" "ഹിന്ദു"സുഹൃത്തും "മറ്റവനായ"മുസാഫിറിനെ സഹായിക്കുന്നതിൽ നിസ്സഹായനാണ്. "നോക്കി നിൽക്കെ അവന്റെ താടിയിൽ രോമങ്ങൾ നീണ്ടുവരുന്നത് അയാളെ പേടിപ്പെടുത്താൻ തുടങ്ങി. ഭയം കനത്ത തണുപ്പായി അയാളിൽ പടർന്നു". അവന്റെ വംശസ്വത്വംതന്നെയാണ് ഇവിടെ മുസാഫിറിന് ഭീഷണിയായി നിൽക്കുന്നത്.

ഭ്രമാത്മകഭാഷയിൽ പലതും ഒളിപ്പിക്കുന്നത് ഈ കഥകളുടെ പ്രത്യേകതയാണ്. തന്ത്രപരമായി സൃഷ്ടിക്കുന്ന ഈ പരോക്ഷതയാണ് ഇവയ്ക്ക് ധൈഷണികത നൽകുന്നതും. 'പക്ഷിസങ്കേതം' എന്ന കഥ മനുഷ്യബന്ധങ്ങളുടെമേൽ വന്നുവീഴുന്ന ദയാശൂന്യമായ ലോകമാണ് തെളിച്ചുതരുന്നത്. ലാഭപ്രോക്തമായ ലോകത്ത് സ്റ്റഫ് ചെയ്തുവെച്ച് വിൽക്കുന്ന കുയിൽരൂപം സ്വന്തം പിതൃരൂപം തന്നെയായി മാറുന്നു. എഴുത്തിൽ കഥാകൃത്ത് പുലർത്തുന്ന ഏകാഗ്രതയും ബ്രേക്കുകളും പിന്തുടരാൻ പാരായണം കൂടുതൽ ജാഗ്രത്താക്കേണ്ടിവരുന്നു; പ്രത്യേകിച്ചും'പക്ഷിസങ്കേത'ത്തിലൂടെ യാത്രചെയ്യുമ്പോൾ. ഒരിടത്ത് നൽകുന്ന സൂചകം (ദ ബ്ലഡി ബ്ലാക്ക് ഇന്ത്യൻ കുക്കു) മറ്റൊരിടത്തെ സൂചിത (അച്ഛൻ) ത്തിലാണ് തറയ്ക്കുന്നത്. ഈ സൂചിതം കഥാന്ത്യത്തിലേക്കെത്തുമ്പോൾ വീണ്ടും ലക്ഷ്യവേധിയായ സൂചകബിംബംതന്നെയാകുന്നു. കഥയുടെമർമ്മംതന്നെയാകുന്നു. "അച്ഛനൊരു ശല്യമായിട്ടൊന്നും അയാൾക്ക് തോന്നിയിരുന്നില്ലെങ്കിലും അത്ര അവശ്യഘടകമൊന്നുമല്ലെന്ന് ചിലപ്പോഴൊക്കെ അയാൾ നിരൂപിക്കാറുണ്ടായിരുന്നു" . ഈ സന്ദേഹി (നായകൻ) ബാധ്യതകളെ ഭയപ്പെടുന്ന സാഹസികത എന്തെന്നുപോലുമറിയാത്ത ഇന്നത്തെ ടെക്നോക്രാറ്റാണെന്ന് കഥ അടിവരയിടുന്നുണ്ട്. ഈ കഥയ്ക്ക് പിന്നാലെയാണ് സഹികെട്ട് നാലുമാസം പ്രായമുള്ള തൻകു

ഞ്ഞിനെ കിണറ്റിലെറിഞ്ഞ് 'റിസ്ക്' ഒഴിവാക്കുന്ന സോഫ്റ്റ്വെയർ എഞ്ചിനീയറെ നമ്മൾ പത്രത്തിൽ കാണുന്നത്. യാഥാർത്ഥ്യവും ഭാവനയും വെള്ളംകയ റാത്ത രണ്ടറകളിലായി തിരിക്കുന്ന കോമളനിരൂപണം പരാജയപ്പെടുന്നത് ഇവിടെയാണ്. നമ്മെ തിരിഞ്ഞു നോക്കി സ്വന്തം അകംകാണാൻ പ്രേരിപ്പിക്കുന്നു'പക്ഷി സങ്കേതം.'

ചരിത്രത്തിലെ ബലിപാഠങ്ങളെ മനുഷ്യാവസ്ഥയുടെ പൊള്ളുന്ന വർത്തമാനത്തിൽവെച്ച് വിചാരണ ചെയ്യുന്നു'പുത്രൻ 'എന്ന കഥ. ഇസ്ലാമികചരിത്രത്തിൽ പരിചിതമായ ഇബ്രാഹീമി പാരമ്പര്യത്തിലെ പിതൃ-പു ത്രബന്ധത്തെ കലാപരമായി പരിഭാഷ ചെയ്യുന്നുണ്ടി വിടെ. രക്തം ഖഡ്ഗത്തെ തോൽപ്പിച്ച ഇതിഹാസമെന്നു വിളിക്കുന്ന ഇസ്ലാമികചരിത്രത്തിലെ ശോകിതമായ കർബലയിലെ രണഭൂമി സാക്ഷ്യംവഹിച്ച ചോദ്യങ്ങൾ ഇവിടെ ഓർമ്മവരുന്നു. ഖദീജ മുംതാസ് മാതൃ-പുത്ര ബന്ധത്തിലൂടെ ഇതേ ചരിത്രാഖ്യാനം സ്ത്രീപക്ഷക ലാപത്തിലൂടെ അപനിർമ്മിച്ചത് ഏറെ സംവാദ/വിവാദ ങ്ങൾക്കു കാരണമായിരുന്നു (ബർസ). കബീറിന്റെയും ഖദീജയുടെയും ആഖ്യാനങ്ങളുടെ അടിസ്ഥാനചോദന പിതൃ-പുരുഷ വ്യവസ്ഥയെ ചോദ്യം ചെയ്യുക എന്ന താണ്. പുത്രൻ തന്റെ കുട്ടിത്തയുക്തി ഉപയോഗിച്ച് ബലിയെ പ്രശ്നവൽക്കരിക്കുമ്പോൾ 'ബർസ'യിൽ സ്ത്രീ തന്റെ പുത്രനുമായുള്ള പൊക്കിൾക്കൊടി ബന്ധത്തെ ദൃഢമാക്കിക്കൊണ്ട് ദൈവവുമായി സംവദി ക്കുകയും ഇടയുകയും ചെയ്യുന്നു. ഏതായാലും ഇതി നെതിരെ ആവർത്തനവിരസമായ മതപാഠങ്ങൾ ദുർബ ലമായ മറുവാദങ്ങളുമായി പൊയ്ക്കാലുകളിൽ നിന്ന് കിതയ്ക്കുന്നത് കാണാനാകുന്നുണ്ട്. കഥയിൽ വന്നുചേ രുന്ന സഹജമായ പുതിയ മാനങ്ങളെ'പോസ്റ്റ് കൊളോ ണിയൽ പാരഡി'എന്നൊക്കെയായിരിക്കാം വിളിക്കേ ണ്ടത്. ആധുനികതയുടെ ഭാഷാതന്ത്രം ഉപയോഗിച്ചു കൊണ്ട് ആധുനികാനന്തരതയുമായി ബന്ധപ്പെടുത്താ വുന്ന ഒരു പ്രമേയം കൈകാര്യം ചെയ്യുന്നു. ആധുനിക തയുടെ വിമർശനത്തിനായി ആധുനികാനന്തരഭാഷ ഉ പയോഗിക്കാമെങ്കിൽ നേരെ തിരിച്ചും സാധ്യമാകുമെന്ന ഒരുൾക്കാഴ്ചയും ഇവിടെയുണ്ടാകുന്നു.

മീരയുടെ ഭർത്തൃനഷ്ടം വിഷയമാകുന്ന കഥ യാണ്'കാഡവർ'. സന്ദേഹവും ഭ്രമവും ഒരുമിക്കുന്ന തന്റെ സ്വത്വനഷ്ടം ഒരു സ്ത്രൈണപ്രതിസന്ധിയാ ണെന്ന് അവൾ തിരിച്ചറിയുന്നുണ്ടാവണം. മാനസിക മായി തകർന്ന അവളെ മകൾ പ്രത്യാശയുടെ, ജീവിത ത്തിന്റെ തെളിഞ്ഞ ചൂടുള്ള അന്തരീക്ഷത്തിലേക്ക് ബല മായി കൊണ്ടുപോകുന്നു. കുടുംബത്തിനകത്ത് സ്ത്രീയുടെ വിഷമതയ്ക്ക് പുരുഷന്റേതിനേക്കാൾ ഇരട്ടി ഭാരമുണ്ട്. സ്ത്രീക്ക് പുരുഷലോകം അനുവദിക്കുന്ന ഇടു ങ്ങിയ ഗൃഹമണ്ഡലവും, സ്വതന്ത്രമായ വിഹായസ്സുകൾ കണ്ടെത്താൻ അവൾക്കുള്ള വൈഷമ്യങ്ങളുമാണിതിന് കാരണം. മീരയ്ക്ക് സ്വന്തം മകൾ/അവൾ തന്നെയാണ് ബലം പകരുന്നത്. അവിടെ'രക്ഷകനായ'ഒരു അവൻ വന്നുകയറുന്നില്ല എന്നതും ശ്രദ്ധേയം.

ഒരേ കാര്യംതന്നെ ആർദ്രമായ മീരയുടെ ലോക ത്തിലും പ്രായോഗികമതിയായ മോഹനന്റെ ജീവിത ത്തിലും ഉണ്ടാക്കുന്ന വിരുദ്ധാനുഭവങ്ങൾ'തേർഡ് പേഴ്സണി'ൽ വായിക്കാം. രണ്ടു മാലാഖക്കുട്ടികളെ പുഴ കൊണ്ടുപോയതിന്റെ വ്യസനം രമാദേവിൽ സൃഷ്ടിക്കുന്ന സംഘർഷങ്ങൾ വാചാലമാണ് (പറിച്ചുനട്ട വീട്). മര ണാനുഭവങ്ങൾ ഈ കഥകളിൽ പ്രധാനവിഷയമായി ഇടം നേടുന്നുണ്ട്. കഥാകൃത്തായ മഹേഷ്മാധവന്റെ പ്രണയവും മരണവും (ജീവിതസമാഹാരം) കവിയായ നരേന്ദ്രന്റെ മരണം (ഫിറമോണുകൾ) എന്നിവ വിഷയ മാകുന്നു. മഹേഷ്മാധവൻ മിനിക്കുട്ടിയോട് "സർപ്പ" ത്തെക്കുറിച്ച് പറയുമ്പോൾ അവളുടെ കണ്ണുകൾ നിമീ ലിതം; "ഫണം വിരിച്ചതിനെ"കാണിച്ചുകൊടുത്ത് അവ ളുടെ ഭയമകറ്റുന്നു. "മിനിക്കുട്ടിക്കും പേടിയായിരുന്നു, പാമ്പിനെ. അവൾ നാണിച്ചു ചിരിച്ചു". സൂക്ഷ്മമായ അർത്ഥച്ഛായകൾ ഇതുപോലെ ഉടനീളം ഈ സമാഹാര ത്തിൽ വായിക്കാം.

പെണ്ണവസ്ഥയെക്കുറിക്കുന്ന വേവലാതികൾ അന്യാ പദേശമായി വരുന്നു(പുഴ കടന്ന് പോകുന്നവർ).

"നീ വിരിയേണ്ടായിരുന്നു അമ്മ നെടുവീർപ്പിച്ചു".

പിതാവ് തന്റെ വികാരാത്മകമായ സുതരവാസന സ്വന്തം മകളിലേക്കു തന്നെ നീങ്ങുന്നത് ഞെട്ടലോടെ അറിയുന്നു. വിഭ്രമാവസ്ഥയിൽ പെൺകുട്ടിയെ അപര ഭാവത്തു നിർത്തി ഭോഗമനോമുകുളങ്ങൾ നെയ്യുമ്പോൾ അത് തൻപുത്രിയാണെന്ന അറിവ് അയാളിൽ ഭ്രാന്തൻ ചിഹ്നങ്ങളായി പരിവർത്തനം ചെയ്യുന്നു.

ഭോഗാത്മകമായി ഉത്തേജിതമാകുന്ന ആൺ മന:ശാസ്ത്രവ്യതിയാനങ്ങളെ സമകാല പീഡനപർവ്വങ്ങ ളിലൂടെ വായിച്ചെടുക്കേണ്ട കഥ (അമിഗ്ദല).

> **കബീർകഥകളെ സചേതനമാക്കുന്ന പ്രധാനമുഖമുദ്ര അതിലുള്ള വിപ്ലവമു ഴക്കമാണ്. 'ചതുരാകാശ'വും 'മാവോ' യും നമ്മുടെ രാഷ്ട്രീയഭാവത്തെ അപാ രമാക്കുന്ന രണ്ടു കഥകളാണ്. എം.സുകുമാരൻ വൈദ്യുതീകരിച്ച ഭാവുകത്വബിംബങ്ങൾ ഓർമ്മയിൽ നിറയുന്നു.**

വിപ്ലവകാരികൾ'പല ഹൃദയങ്ങൾകൊണ്ട് ഒരു സ്വപ്നം'കാണുന്നു, 'പല ചുറ്റുപാടുകളിൽനിന്ന് ഒരു നക്ഷത്രത്തെ മാത്രം ദർശിക്കുന്നു.' 'കണ്ണുകളിൽ വിശ പ്പടക്കാനുള്ളതെന്തോ കൊളുത്തിയ കെണികളുമായി സദാനന്ദന്മാർ ഇന്നും എത്രയോ പേരുടെ ദിവസങ്ങളെ യാണ് കീറിക്കൊണ്ടുപോകുന്നത്.' കത്തുന്ന പ്രണയം തോന്നുമ്പോഴും ഭാനുമതിയുടെ ചിരിയെ മുറിച്ചുകടന്നു പോകാൻ നായകന് ശക്തി നൽകുന്നത് സദാനന്ദൻ പഠി പ്പിച്ച എതിർലിംഗം വിരുദ്ധവർഗ്ഗമാണെന്ന പാഠഭേദമാണ്. അവളുടെ ഓർമ്മകൾ പൂക്കുമ്പോഴും'മുദ്രാവാക്യമല്ലാതെ തൊണ്ടയിലൊന്നും പിടക്കാ'ത്തത് സദാനന്ദസൂത്രവാക്യം കൊണ്ടാണ്. അവന്റെ വർത്തമാനം'ചതുരാകാശം'സമ്മാ നിക്കുന്ന ജയിലറയിലും. സദാനന്ദൻ "യൂറോപ്യൻ സ്നിഗ്ധത"യിൽ മുങ്ങിയ ജയിൽ വാർഡനുമാകുന്നു.

"കമ്മ്യൂണിസ്റ്റുകാർക്ക് പ്രത്യയശാസ്ത്രപരമായ ആകുലതയും നൈതികതയും നഷ്ടമാകുന്ന കാലത്ത്

വിപ്ലവസ്വപ്നം പേറുന്ന കമ്മ്യൂണിസ്റ്റ്കാരന് ഉന്മാദം സൃഷ്ടിക്കുന്ന ഭ്രമാത്മകതയുടേതായ മറ്റൊരു വിമോചിത മേഖല സൃഷ്ടിക്കേണ്ടിവരു ''മെന്ന് പി.സുരേന്ദ്രൻ ഈ കഥകൾക്ക് നൽകുന്ന സൈദ്ധാന്തികന്യായം ഏറെ ഉചിതമാണ്. സമാഹാരത്തിലെ അവസാനകഥയായ 'മാവോ' നമ്മുടെ രാഷ്ട്രീയപരിസരത്തെ നിശിതമാക്കുന്ന അനുഭവമാണ്. കുഞ്ഞയ്യപ്പനി(എം.സുകുമാരൻ)ലൂടെ തിരികൊളുത്തിയ വിപ്ലവരാഷ്ട്രീയം ഇവിടെ അയ്യപ്പനിലൂടെ ജീവിക്കുകയാണെന്നു പറയാം.

സാഹിത്യ

# വിമർശം

ദ്വൈമാസികം

പുസ്തകം 3 ലക്കം 5
സെപ്തംബർ - ഒക്ടോബർ 2011
ചിങ്ങം - കന്നി 1187
വില : 20 രൂപ




"സ്വന്തം മനസ്സുകളിൽ ഏകനും ചിന്തകളിൽ സ്വതന്ത്രനും ആയിരിക്കാനും തോന്നുന്നതെന്തും പ്രകാശിപ്പിക്കാനും മനുഷ്യർക്ക് ധൈര്യമില്ലെങ്കിൽ മഹത്തായ സാഹിത്യം ഉണ്ടാകാൻ പോകുന്നില്ല. ഏതു തരത്തിലുള്ള സർഗാത്മക സാഹിത്യത്തിനും ആദ്യമായി അവശ്യം വേണ്ടത് മനുഷ്യചേതനയുടെ സ്വാതന്ത്ര്യമാണ്. അതു സംരക്ഷിക്കപ്പെടണം".

*ഡോ:എസ്. രാധാകൃഷ്ണൻ*


എഡിറ്റർ
സി.കെ.ആനന്ദൻപിള്ള

ആർട്ട് കൺസൾട്ടന്റ്
വിനയ്‌ലാൽ

ലീഗൽ കൺസൾട്ടന്റ്
അഡ്വ.രവികൃഷ്ണൻ

ടൈപ്പ്സെറ്റിംഗ്
പ്രിന്റ് പ്ലാനറ്റ്, തൃശൂർ-10



എഡിറ്റർ
സാഹിത്യവിമർശം
തൃശൂർ - 680 005
ഫോൺ : 0487-2332163, 9400732163
e-mail : sahityavimarsam@gmail.com


'തരിക്കില്ല മനം തെല്ലും;
പകയ്ക്കാ രണഭൂമിയിൽ;
മരിക്കും ഞാൻ നിനക്കായി
മംഗളാദർശദേവതേ!'

*പി.കുഞ്ഞിരാമൻ നായർ*

## ഉള്ളടക്കം


3 വിലയില്ലാത്ത ഓഡിറ്റുകളും തുലയുന്ന കോടികളും
എഡിറ്റോറിയൽ

5 ഒരു കവിതയുടെ തലവിധി! ജ്ഞാനപീഠം കയറിയ കവിയുടെ കൊലച്ചതി
ചുണ്ടയിൽ പ്രഭാകരൻ

13 മാറുന്ന കലാഭാഷ
വിജയകുമാർ മേനോൻ

17 ഹിംസയുടെ പൈതൃകം
അജയ് പി മങ്ങാട്ട്

21 ലിപിവിന്യാസവും ശബ്ദകോശങ്ങളും
ഡോ.വി.കെ.ഹരിഹരനുണ്ണിത്താൻ

26 'അവനിതന്നെയധീരയായി...'
സജയ് കെ.വി

30 വിപ്ലവമോ വിധേയത്വമോ?
പി.ശിവപ്രസാദ്

35 മാർത്താണ്ഡവർമ്മ
സി.പി.അച്യുതമേനോൻ

38 പൂവൻപഴം
വൈക്കം മുഹമ്മദ് ബഷീർ

45 അധ്യാപകന്റെ ആത്മകഥ
വിശമംഗലം സുന്ദരേശൻ

46 ഉറക്കംകെടുത്തുന്ന രാക്കോളുകൾ
സി.എ.അനസ്

49 ആത്മജ്ഞാനത്തിന്റെ സമുദ്രസ്നാനങ്ങൾ
ഡോ.മുഞ്ഞിനാട് പത്മകുമാർ

51 അനുധാവനം
അജാതശത്രു

63 ഓർക്കാനും ഓർത്ത് ചിരിക്കാനും
സന്ദീപൻ